LIBRARY ARCHIVES Kerala Legislative Assembly

സുനാമി പുനർനിർമ്മാണത്തിനുള്ള പുതിയ പദ്ധതികൾ

11 [1367] ശ്രീ. വി. ജെ. പൗലോസ് :
" എം. എ. ചന്ദ്രശേഖരൻ :
" എം. മുരളി :
പ്രൊഫ. എ. ഡി. മുസ്തഫ :
" കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിയെ തുടർന്നുള്ള പുനർനിർമ്മാണ നടപടികൾക്ക് പുതുക്കിയ പദ്ധതികൾ സമർപ്പിച്ചുകൊണ്ട് കൂടുതൽ സഹായം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതുക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പുതുക്കിയ പദ്ധതികളുടെ വെളിച്ചത്തിൽ എന്തു തുകയുടെ സഹായമാണ് പുതുതായി ആവശ്യപ്പെട്ടിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യ ബന്ധനം, ജലവിഭവം, പൊതുമരാമത്ത്, കൃഷി, വനം, ആരോഗ്യം, ഭവന നിർമ്മാണം തുടങ്ങിയ വിവിധ വകുപ്പുകൾ നൽകിയ പദ്ധതികൾ ക്രോഡീകരിച്ച് തയ്യാറാക്കിയ നിവേദനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കടലോര മേഖല സംരക്ഷണം, സുനാമി ബാധിതർക്കുള്ള പുനരധിവാസ പദ്ധതികൾ എന്നിവ ഇതിലുൾപ്പെടും.

(സി) പുതുക്കിയ പദ്ധതികളുടെ വെളിച്ചത്തിൽ 2371.02 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

ക്ലിഫ് ഹൗസിലെ മരാമത്തു പണികൾ

12 [1375] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ലിഫ് ഹൗസിൽ എന്തെല്ലാം മരാമത്തു പണികളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ ഇനത്തിലും ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

† അനുബന്ധം I